**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4798** 23.07.2015-ൽ മറുപടിയ്ക്ക്

## മിശ്രവിവാഹിതരായ പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കുള്ള ആനുകൂല്യങ്ങൾ

**ചോദ്യം**
**ശ്രീ. കെ. കെ. ജയചന്ദ്രൻ**

**മറുപടി**
**ശ്രീമതി. പി. കെ. ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ ഭൂമി അനുവദിച്ച് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ, പട്ടികവർഗ്ഗക്കാരിയായ അപേക്ഷക മിശ്രവിവാഹിതയാണ് എന്ന കാരണത്താൽ അപേക്ഷ സ്വീകരിക്കാതിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | മിശ്ര വിവാഹം ചെയ്ത കുടുംബങ്ങളിൽ കുടുംബനാഥൻ പട്ടികവർഗ്ഗക്കാരൻ ആയിരുന്നാൽ മാത്രമെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്കുള്ള ഭൂമി അനുവദിക്കുന്ന പദ്ധതി പ്രകാരം ഭൂമി നൽകുകയുള്ളൂ. പട്ടികവർഗ്ഗക്കാരിയായ അപേക്ഷക മിശ്രവിവാഹിതയാണെങ്കിൽ നിലവിൽ അപേക്ഷ പരിഗണിക്കുകയില്ല. |
| ബി) | മിശ്രവിവാഹം കഴിച്ചിട്ടുള്ള പട്ടികവർഗ്ഗക്കാരിയായ അപേക്ഷകയ്ക്ക് ഭൂമി നൽകുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കാമോ; | ബി) & സി) | മിശ്രവിവാഹം കഴിച്ചിട്ടുള്ള പട്ടികവർഗ്ഗക്കാരിയായ അപേക്ഷകയ്ക്ക് ഭൂമി വാങ്ങി നൽകുമ്പോൾ നിലവിലെ നിയമമനുസരിച്ച് ഗുണഭോക്താവിന്റെ കാലശേഷം പട്ടികവർഗ്ഗക്കാരുടെ ഭൂമി പട്ടികവർഗ്ഗ ക്കാരല്ലാത്തവരുടെ കൈവശം വന്നു ചേരാൻ സാധ്യതയുണ്ട്. കൂടാതെ അപേക്ഷകൾ സമർപ്പിക്കുന്നതിലും നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതിലും മുന്നോക്ക വിഭാഗക്കാരായ മിശ്രവിവാഹിതരുടെ മുൻപിൽ പട്ടികവർഗ്ഗക്കാർ പിൻതള്ളപ്പെട്ടുപോകാൻ ഇടയുണ്ട്. ആയതിനാൽ പട്ടികവർഗ്ഗക്കാർക്കുള്ള ഭൂമി അനുവദിക്കുന്ന |
| സി) | മിശ്രവിവാഹം പ്രോത്സാഹിപ്പിക്കുന്ന സർക്കാർ, മിശ്രവിവാഹം കഴിച്ചിട്ടുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് ലഭിക്കേണ്ട അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കുന്ന സാഹചര്യം പുനഃപരിശോധിക്കുമോ; | | |

| | | | |
|---|---|---|---|
| | | | കാര്യത്തിൽ കുടുംബനാഥൻ പട്ടികവർഗ്ഗക്കാരനായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്ന കാര്യം കൊണ്ട് മാത്രം മിശ്രവിവാഹം കഴിച്ചിട്ടുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് ലഭിക്കേണ്ട ആനുകൂല്യം നിഷേധിക്കുന്നതായി കണക്കാക്കാവുന്നതല്ല. |
| ഡി) | മിശ്രവിവാഹിതരായ പട്ടികവർഗ്ഗത്തിൽപ്പെടുന്നവർക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ഡി) | മിശ്രവിവാഹിതരായ പട്ടികവർഗ്ഗത്തിൽപ്പെടുന്നവർക്ക് സർക്കാർ 50,000/-രൂപ ധനസഹായം നൽകുന്നുണ്ട്. |
| ഇ) | ഇടുക്കി ജില്ലയിൽ മിശ്രവിവാഹിതരായ എത്ര പേരുടെ അപേക്ഷകൾ നിഷേധിച്ചിട്ടുണ്ടെന്ന വ്യക്തമാക്കാമോ; | ഇ) | ഇടുക്കി ജില്ലയിൽ ഭൂമി വാങ്ങുന്നതിനായി ലഭിച്ച മിശ്രവിവാഹിതരുടെ നിലവിലുള്ള നിയമപ്രകാരം അനർഹമായ 18 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. |
| എഫ്) | മിശ്രവിവാഹിതരായവരുടെ അപേക്ഷ വീണ്ടും പരിഗണിച്ച് ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | എഫ്) | നിലവിലുള്ള ഉത്തരവ് പ്രകാരം നിരസിച്ച അപേക്ഷകൾ പരിഗണനാർഹമല്ല. |

Haripriya

സെക്ഷൻ ഓഫീസർ